പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 6486 | 08.11. 2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഡീ-അഡിക്ഷൻ സെൻററുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഡീ-അഡിക്ഷൻ സെൻററുകൾ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്. എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. |
| ബി) | മലപ്പുറം ജില്ലക്ക വേണ്ടി തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ; | ബി) | തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ഡീ അഡിക്ഷൻ സെന്ററിനുവേണ്ടി അനുവദിച്ചിട്ടുള്ള കെട്ടിടത്തിൽ വൈദ്യുതീകരണവും ജലവിതരണ സംവിധാനവും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഡീഅഡിക്ഷൻ സെന്റർ പ്രവർത്തനക്ഷമമായിട്ടില്ല. ഈ ജോലികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ സൈക്യാട്രിസ്റ്റ് സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ഡീഅഡിക്ഷൻ സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികസംബന്ധമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക്, ധനകാര്യവകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ